**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **05-02-2026 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്ത നവകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യമുക്ത നവകേരളം പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. മാലിന്യമുക്തം നവകേരളം പദ്ധതിയുടെ പുരോഗതി സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടർ എന്നിവർ മുഖേനയും, ജില്ലാതലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ മുഖേനയും നിരന്തരം വിലയിരുത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മേഖലാ അവലോകന യോഗങ്ങൾ ചേർന്നും പുരോഗത വിലയിരുത്തി വരുന്നുണ്ട്. കൂടാതെ, ശുചിത്വമിഷൻ, കേരള ഖരമാലിന്യ പരിപാലന പദ്ധതി എന്നിവ മുഖേനയും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.<br><br>മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കി ഹരിതകർമ്മ സേന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിവിനു ശേഷം ക്ലീൻ കേരള കമ്പനി, മ അംഗീകൃത റീ സൈക്ലിങ് ഏജൻസികൾ എന്നിവർക്ക് കൈമാറുന്നു. ഇവയിൽ നിന്നും പുനചംക്രമണ സാധ്യമായവ റീസൈക്ലിംഗിനായും അല്ലാത്തവ സിമന്റ് പ്ലാന്റുകളിലേക്ക് ശാസ്ത്രീയമായ സംസ്കരണത്തിന് നേരിട്ടും RDF രൂപേണയും പോകുന്നു. ഇതുകൂടാതെ അജൈവ മാലിന്യ ശേഖരണ-സംസ്കരണ പദ്ധതികൾ, സാനിറ്ററി മാലിന്യ സംസ്കരണ പദ്ധതികൾ, ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ തുടങ്ങിയവ മാലിന്യ മുക്ത നവകേരളം പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൊതുഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ 2024-ൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് , കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി മുഖാന്തിരം നിയമം കർശനമാക്കുകയും ആയത് പ്രകാരം നടപടി സ്വീകരിച്ച് വരികയും ചെയ്യുന്ന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ തദ്ദേശ സ്ഥാപന തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിച്ച് വരുന്നു.<br><br>മേൽ നടപടികളിലൂടെ സംസ്ഥാനത്തെ ഹരിതകർമസേനയുടെ വാതിൽപ്പടി മാലിന്യ ശേഖരണം 90 ശതമാനമായും യൂസർ ഫീ കളക്ഷൻ 78ശതമാനമായും ഉയർത്തിയിട്ടുള്ളതായും, വാർഡ് തല എം.സി.എഫുകളുടെയും ആർ.ആർ.എഫുകളുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുള്ളതായും സംസ്ഥാനത്തെ മാലിന്യ സംസ്കരണമേഖലയിൽ പ്രകടമായ മാറ്റം സംഭവിച്ചിട്ടുള്ളതായും വിലയിരുത്തിയിട്ടുണ്ട്. തത്ഫലമായി 2024-25 ലെ സ്വച്ച് ഭാരത് മിഷൻ അർബൻ 2.0 ന് കീഴിലുള്ള സ്വച്ച് സർവേഷൻ ദേശീയ റാങ്കിംഗിൽ ആദ്യ 100 ര സംസ്ഥാനത്തെ എട്ട് നഗരങ്ങൾ കൊച്ചി, മട്ടന്നൂർ, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ,ഗുരുവായൂർ, തിരുവനന്തപുരം, കൊല്ലം) ഇടം പിടിക്കുകയും, തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റവും ഉയർന്ന "വാട്ടർ പ്ലസ്" (Water Plus) റേറ്റിംഗ് നേടുകയും ചെയ്തു. |
| (ബി) | അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യോത്പാദനത്തിന്റെ തോതനുസരിച്ച് മാലിന്യശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും മാലിന്യോത്പാദനത്തിന്റെ തോതനുസരിച്ച് മാലിന്യ ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് കാലാകാലങ്ങളിൽ നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>വാതിൽപ്പടി ശേഖരണം കാര്യക്ഷമമമാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം, മിനി എം.സി.എഫുകൾ സ്ഥാപിക്കൽ, |

| | | | |
|---|---|---|---|
| | | | എം.സി.എഫുകളുടെ വിസ്തൃതി തുടങ്ങിയവ സംബന്ധിച്ച് സർക്കാർ കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന-സംസ്കരണ പ്രവർത്തനങ്ങളിൽ നിലനിൽക്കുന്ന പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br><br>നഗര ശുചിത്വത്തിലും മാലിന്യ സംസ്കരണത്തിലും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ബ്രഹ്മപുരത്ത് ബി.പി.സി.എൽ. മുഖേന സ്ഥാപിക്കുന്ന കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് (CBG Plant)-ന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഞെളിയൻപറമ്പിലും ബി.പി.സി.എൽ. മുഖേന കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാൻറ് (CBG Plant) ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൊല്ലം, കുരീപ്പുഴയിലും പ്ലാൻറ് സ്ഥാപിക്കുന്നതാണ്.<br><br>ക്ലീൻ കേരള കമ്പനി മുഖേന 20 ടൺ ശേഷിയുള്ള 4 റീജിയണൽ സാനിറ്ററി പ്ലാന്റുകൾ സ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്.<br><br>പാലക്കാട് വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.<br><br>കൂടാതെ ശാസ്ത്രീയമായ രീതിയിൽ സംസ്ഥാനത്തെ നഗരങ്ങളിലെ ഖരമാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് ലോകബാങ്കിന്റെയും ഏഷ്യാ ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച കേരള ഖരമാലിന്യ പരിപാലന പദ്ധതിയിലൂടെ അത്യാധുനികവും ശാസ്ത്രീയവുമായ മാലിന്യ പരിപാലന സംവിധാനങ്ങൾ വിവിധ നഗരസഭകളിൽ നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജനങ്ങളിൽ പൊതുബോധം സൃഷ്ടിക്കുന്നതിനായി വാതിൽപ്പടി ശേഖരണം മുതൽ സംസ്കരണ കേന്ദ്രങ്ങൾ വരെ ഒരുക്കുന്നതിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉത്പ്പന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനാവശ്യമായ ഐ.ഇ.സി. പ്രവർത്തനങ്ങളും, കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബദൽ ഉത്പ്പന്ന മേളകളും സംഘടിപ്പിച്ചിട്ടുള്ളതാണ്. പൊതു ഇടങ്ങളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് വലിച്ചെറിയൽ |

| | | | | |
|---|---|---|---|---|
| | | | | മുക്തവാരം സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, വിവിധ ഏജൻസികൾ എന്നിവരെ ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ, മറ്റ് ഐ. ഇ.സി. പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മ സേന അംഗങ്ങൾ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, വ്യാപാരി വ്യവസായി പ്രധിനിധികൾ, എൻ.എസ്.എസ്.യൂണിറ്റുകൾ, അധ്യാപകർ, മറ്റ് സംഘടന പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗങ്ങൾ സംഘടപ്പിച്ചിട്ടുണ്ട്. വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ക്യാമ്പയിനുകൾ, മെഗാ പെയിന്റിങ് ക്യാമ്പയിൻ, ശുചിത്വ സന്ദേശങ്ങൾ ചുവരുകളിൽ രേഖപ്പെടുത്തുന്ന കാമ്പയിനുകൾ, കുട്ടികളുടെ ശുചിത്വ സന്ദേശ റാലി, ബോധവൽക്കരണ പരിപാടികൾ, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് മനുഷ്യച്ചങ്ങല, ഹരിതസഭ, തദ്ദേശ സ്ഥാപനതല അന്നൗൺസ്മെന്റ്, വലിച്ചെറിയൽ വിരുദ്ധവാരം ക്യാമ്പയിന്റെ ഭാഗമായി NSS, SPC എന്നിവ മുഖേന മറ്റ് വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി വിളംബര ജാഥകൾ, ഫ്ലാഷ് മോബുകൾ, സ്കൂളുകളിൽ IEC ക്ലാസുകൾ, മാസ് ക്ലീനിങ് ക്യാമ്പയിനുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ